"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പൊതുവിദ്യാഭ്യാസ വകുപ്പിൽ ഡെപ്യൂട്ടി സ്പോർട്സ് ഓർഗനൈസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. പി.ആർ.ശ്രീജേഷിനെ ജോയിന്റ് ഡയറക്ടർ (ഫിസിക്കൽ എഡ്യുക്കേഷൻ ആന്റ് സ്പോർട്സ്) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (സി) വകുപ്പ്

സ.ഉ.(കൈ) നം.178/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 17/08/2021

---

പരാമർശം:- 17.05.2018-ലെ സ.ഉ.(സാധാ)നം. 1818/2018/പൊ.വി.വ.

**ഉത്തരവ്**

2021 ആഗസ്റ്റ് 8-ന് സമാപിച്ച ടോക്കിയോ ഒളിമ്പിക്സിൽ മലയാളിയായ ശ്രീ. പി.ആർ.ശ്രീജേഷ് ഉൾപ്പെട്ട ഇന്ത്യൻ ഹോക്കി ടീം വെങ്കല മെഡൽ നേടി അഭിമാനാർഹമായ നേട്ടം കൈവരിച്ചിട്ടുണ്ട്. നിലവിൽ ശ്രീ.പി.ആർ.ശ്രീജേഷ് പൊതുവിദ്യാഭ്യാസ വകുപ്പിൽ ഡെപ്യൂട്ടി സ്പോർട്സ് ഓർഗനൈസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരികയാണ്. കേരളത്തിലെ സ്പോർട്സ് രംഗത്ത് കടന്നുവരുന്ന യുവാക്കൾക്കും വിദ്യാർത്ഥികൾക്കും മാതൃകയാകുന്ന നേട്ടം കൈവരിച്ച ശ്രീ.പി.ആർ.ശ്രീജേഷിന് അനുയോജ്യമായ പാരിതോഷികം നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

2) മേൽ സാഹചര്യത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ഡെപ്യൂട്ടി സ്പോർട്സ് ഓർഗനൈസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. പി.ആർ.ശ്രീജേഷിന്റെ തസ്തിക 95600-153200 രൂപ ശമ്പള സ്കെയിലിൽ ജോയിന്റ് ഡയറക്ടർ (ഫിസിക്കൽ എഡ്യുക്കേഷൻ ആന്റ് സ്പോർട്സ്) ആയി ഉയർത്തി ടിയാനെ പ്രസ്തുത തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M Mohammed Hanish
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. പി.ആർ.ശ്രീജേഷ് (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ/പ്രസ് റിലീസ്) വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് (11.08.2021-ലെ ഇനം നം.OA 187 പ്രകാരം)
കായിക-യുവജനകാര്യ വകുപ്പ്
ധനകാര്യ വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by V.sivakumar
Date: 17-08-2021 16:04:05
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. കായിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്

പൊതുവിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്

5360865/2021/G.EDN

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 11-08-2021

ഇനം നം: 187
O.A.

വിഷയം : കായിക-യുവജനകാര്യ വകുപ്പ് - ടോക്യോ ഒളിമ്പിക്സിൽ വെങ്കല മെഡൽ നേടിയ ഇന്ത്യൻ ഹോക്കി ടീമിൽ അംഗമായ മലയാളി കായിക താരം ശ്രീ. പി. ആർ. ശ്രീജേഷിനും, ഒളിമ്പിക്സിൽ പങ്കെടുത്ത മറ്റ് 8 മലയാളി കായികതാരങ്ങൾക്കും പാരിതോഷികം പ്രഖ്യാപിക്കുന്നത്

തീരുമാനം : കുറിപ്പിലെ നിർദ്ദേശം

1. ശ്രീ. പി. ആർ. ശ്രീജേഷിന് രണ്ട് കോടി രൂപ പാരിതോഷികമായി നൽകുവാൻ തീരുമാനിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ (ഫിസിക്കൽ എഡ്യൂക്കേഷൻ & സ്പോർട്സ്) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. പി. ആർ. ശ്രീജേഷിനെ ടി തസ്തിക ഉയർത്തി ജോയിന്റ് ഡയറക്ടർ (ഫിസിക്കൽ എഡ്യൂക്കേഷൻ & സ്പോർട്സ്) ആയി സ്ഥാനക്കയറ്റം നൽകുവാനും തീരുമാനിച്ചു.
2. മറ്റ് എട്ട് കായികതാരങ്ങൾ ഓരോരുത്തർക്കും ഇപ്പോൾ നൽകിക്കഴിഞ്ഞ അഞ്ച് ലക്ഷം രൂപ കൂടാതെ അഞ്ചു ലക്ഷം രൂപ കൂടി അനുവദിക്കുവാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, കായിക-യുവജനകാര്യ വകുപ്പ്.
പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

O.A -187

**(11.08.2021)**

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

2021, ആഗസ്റ്റ് 8 ന് സമാപിച്ച ടോക്യോ ഒളിമ്പിക്സിൽ മലയാളിയായ ശ്രീ. പി.ആർ. ശ്രീജേഷ് ഉൾപ്പെട്ട ഇൻഡ്യൻ ഹോക്കി ടീം വെങ്കലമെഡൽ നേടി അഭിമാനാർഹമായ നേട്ടം കൈവരിച്ചിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങൾ ഒളിമ്പിക്സ് മെഡൽ നേടുന്ന ടീമംഗങ്ങൾക്കും കായികതാരങ്ങൾക്കും പാരിതോഷികം പ്രഖ്യാപിക്കുന്ന കീഴ്വഴക്കമുണ്ട്. കേരളത്തിലെ സ്പോർട്സ് രംഗത്ത് കടന്നുവരുന്ന യുവാക്കൾക്കും വിദ്യാർത്ഥികൾക്കും മാതൃകയാക്കാവുന്ന നേട്ടം കൈവരിച്ച ശ്രീ. പി.ആർ. ശ്രീജേഷിന് അനുയോജ്യമായ പാരിതോഷികം പ്രഖ്യപിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

ശ്രീ. പി.ആർ. ശ്രീജേഷിനു പുറമേ കേരളത്തിൽ നിന്നും 8 കായിക താരങ്ങൾ കൂടി ഒളിമ്പിക്സിൽ പങ്കെടുത്തിട്ടുണ്ട്. ഇവർക്ക് തയ്യാറെടുപ്പിനായി 5 ലക്ഷം രൂപ സംസ്ഥാന സർക്കാർ നൽകിയിരുന്നു. ഒളിമ്പിക്സിൽ പങ്കെടുത്തു മടങ്ങിയ ശ്രീ.പി.ആർ. ശ്രീജേഷ് ഒഴികെയുള്ള 8 കായികതാരങ്ങൾക്ക് പ്രോത്സാഹനമായി ഒരു തുക അനുവദിക്കുന്നതും പരിഗണിക്കാവുന്നതാണ്.

**<u>തീരുമാനിക്കേണ്ട വിഷയങ്ങൾ:</u>**

1. ടോക്യോ ഒളിമ്പിക്സ് വെങ്കല മെഡൽ നേടിയ ഇന്ത്യൻ ഹോക്കി ടീമിൽ അംഗമായ ശ്രീ. പി.ആർ. ശ്രീജേഷിന് ഉചിതമായ പാരിതോഷികം പ്രഖ്യാപിക്കാമോ?
2. ടോക്യോ ഒളിമ്പിക്സിൽ പങ്കെടുത്ത മറ്റ് 8 കായികതാരങ്ങൾക്ക് പ്രോത്സാഹനമായി തയ്യാറെടുപ്പിന് അനവദിച്ച 5 ലക്ഷം രൂപയ്ക്ക് പുറമേ ഒരു തുക അനുവദിക്കാമോ?